# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 686 02/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടി സ്പെഷ്യൽ ഓഫീസർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ഗവൺമെന്റ് പദ്ധതികളുടെ ഏകോപനത്തിനായി നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ ചുമതലകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | 21.5.2013 ലെ സ.ഉ.679/2013/പജപവവിവ പ്രകാരം റിട്ട. ഐ.എ.എസ്സ് ഉദ്യോഗസ്ഥൻ ഡോ. എസ്.സുബ്ബയ്യയ്ക്ക് അട്ടപ്പാടിയിലെ പദ്ധതി ഏകോപന ചുമതല നൽകിയിരുന്നു. തുടർന്ന് ഒറ്റപ്പാലം സബ്കളക്ടറെ ഇപ്പോൾ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനും യഥാസമയങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ അവലോകനവും നടത്തുക എന്നതാണ് പ്രധാന കർത്തവ്യം. |
| (ബി) | ഇത് ഒരു സ്ഥിരം സംവിധാനമാണോ; അല്ലെങ്കിൽ അപ്രകാരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ഇത് ഒരു സ്ഥിരം സംവിധാനമായാണ് പ്രവർത്തിക്കുന്നത്. |
| (സി) | ഈ മേഖലയിലെ ആദിവാസികളുടെ ക്ഷേമത്തിനായി തൊഴിലുറപ്പ പദ്ധതിയുടെ മാതൃകയിൽ പ്രത്യേകപദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | തൊഴിലുറപ്പു പദ്ധതി അട്ടപ്പാടി മേഖലയിൽ വിജയകരമായി നടപ്പാക്കി വരുന്നതിനാൽ പ്രത്യേക പദ്ധതി പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ